## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 740** **10-02-2025 - ൽ മറുപടിയ്ക്ക്**

## മണലൂർ മണ്ഡലത്തിലെ സഹകരണ ബാങ്കുകളിലെ റിസ്ക് ഫണ്ട് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകളിൽ നിന്നും 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വായ്പ എടുത്തവരിൽ എത്ര പേർക്ക് റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | മണലൂർ മണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകളിൽ നിന്നും 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 40 വായ്പാക്കാർക്കായി 39,64,866/- രൂപ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം സഹകരണ ബാങ്കുകളിൽ നിന്നും എത്ര രൂപ വീതമാണ് ആനുകൂല്യമായി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ റിസ്ക് ഫണ്ടിനായുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ടെന്നും അവ എന്നത്തേയ്ക്ക് തീർപ്പാക്കാനാകുമെന്നും അറിയിക്കുമോ; | (സി) | മണലൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന വിവിധ സഹകരണ സംഘങ്ങളിൽ നിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ആകെ 206 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 40 അപേക്ഷകളിൽ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. ബാക്കിനില്പുള്ള 166 അപേക്ഷകളിൽ 51 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക് / സംഘത്തിന് കത്ത് നല്കിയിട്ടുണ്ട്. 16 അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുള്ളതും, 21 അപേക്ഷകൾ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതും, ബാക്കിയുള്ള 78 അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ഫയൽ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. |
| (ഡി) | റിസ്ക് ഫണ്ട് തുക അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി) | റിസ്ക് ഫണ്ട് തുക അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(എ) <u>റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 7</u><br><br>വായ്പ എടുക്കുന്ന അംഗങ്ങളിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരമുള്ള ബോർഡിന്റെ ബൈലോ |

| | | | |
|---|---|---|---|
| | | | വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം തുക (ഒരു വായ്പയ്ക്ക് മിനിമം 100/- രൂപയും പരമാവധി വിഹിതം 2000/- രൂപയും) ആയതിന്റെ 18 % ജി.എസ്.റ്റി യും ഈടാക്കുകയും പ്രസ്തുത തുക തൊട്ടടുത്ത മാസം 15-ാം തീയതിക്കുള്ളിൽ അടച്ചിരിക്കുകയും ചെയ്യുന്ന അംഗങ്ങൾക്കാണ് റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നത്.<br><br>(ബി) റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 5<br><br>മരണപ്പെട്ടതോ/മാരകരോഗം പിടിപ്പെട്ടതോ ആയ ആളിന്റെ പേരിലുള്ളതും, മരണപ്പെട്ട/മാരകരോഗം പിടിപ്പെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പാക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തര ആനുകൂല്യം/ ചികിത്സാ ധനസഹായം എന്നിവ ലഭിക്കുന്നത്.<br><br>(സി) റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 4(ബി)<br><br>വായ്പാകാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ 6 മാസത്തിൽ അധികരിച്ചും, വായ്പാ കാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിയ്ക്ക് തൊട്ട്മുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ